(എ) സംസ്ഥാനത്തെ മത്സ്യമേഖലയെ ഒരു ഏകീകൃത നിയമത്തിൻ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ മത്സ്യമേഖലയെ ഏകീകൃത നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യമേഖലയെ ഏകീകൃത നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നിയമനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഏകീകൃത നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഉൾനാടൻ മേഖലയെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുംവേണ്ടി 'ഉൾനാടൻ ഫിഷറീസ് ബില്ലിന്' അന്തിമ രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരള സംസ്ഥാനത്തെ ഉൾനാടൻ ഫിഷറീസ് സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തിന്റേയും മത്സ്യവികസനം മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, പൂഷണം ഉപയോഗപ്പെടുത്തൽ എന്നിവയും സാമൂഹിക മത്സ്യക്കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്കു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബില്ലിന് രൂപം നൽകുന്നതാണ്.

(ഡി)&(ഇ) കരട് ബില്ലിൽ വേണ്ട ഭേദഗതികൾ വരുത്തി അന്തിമരൂപം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

24 (*577) പാഴായി പോകുന്ന മഴവെള്ളം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ഭൂമിയിൽ താണുപോകുന്നതും കടലിലേക്ക് ഒഴുകിപ്പോകുന്നതുമായ മഴവെള്ളം പാഴായിപ്പോകാതെ ശേഖരിച്ച് വേനൽക്കാലത്ത് ജലസേചനാവശ്യത്തിന് ഉപയോഗപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം ശാസ്ത്രീയമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ വർഷകാലത്ത് കടലിലേയ്ക്ക് ഒഴുകിപ്പോകാനിടയുള്ള വെള്ളം ഡാമുകളിൽ തടഞ്ഞുനിർത്തി വേനൽക്കാലത്ത് കൃഷിക്കും

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളത്തിനും ഫലപ്രദമായി ഉപയോഗിക്കുന്നു. നദികളിലും തോടുകളിലും ചെക്ക്ഡാമുകൾ നിർമ്മിച്ചും വർഷകാലത്ത് കടലിലേയ്ക്ക് ഒഴുകാനിടയുള്ള വെള്ളം ശേഖരിച്ച് വേറൽക്കാലത്ത് ഉപയോഗപ്രദമാക്കുന്നു. കൂടാതെ മലയോര ജലസംഭരണ പദ്ധതിപ്രകാരം മലമ്പ്രദേശങ്ങളിലെ സ്വാഭാവിക ജല സ്രോതസ്സുകളിൽ ചെറുസംഭരണികൾ നിർമ്മിച്ച് ആ പ്രദേശത്തെ കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗപ്പെടുത്തുന്നു.

(ബി) ജലവിഭവത്തെക്കുറിച്ച് ജലവിഭവ വികസന കേന്ദ്രം സമർപ്പിച്ച മാസ്റ്റർ പ്ലാൻ സർക്കാർ പരിഗണിച്ചുവരികയാണ്.

25 (*578) ട്രോളിംഗ് നിരോധനം സംബന്ധിച്ച പഠനം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനു മുൻപായി വിശദപഠനം നടത്തണമെന്ന് 1.7.99-ൽ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. വി. നാരായണപിള്ള നിർദ്ദേശിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.എം.എഫ്.ആർ.ഐ. വിശദമായ ഒരു പഠനം നടത്തുന്നതിനുവേണ്ടി സർക്കാരിൽനിന്നും എന്തെങ്കിലും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ;

(സി) ഏതെങ്കിലും സ്വകാര്യവ്യക്തിയോ സെന്റർ ഫോർ സ്റ്റഡീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പ്രോജക്ട് തയ്യാറാക്കാനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തു തുകയാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ സി.എം.എഫ്.ആർ.ഐ. പ്രസ്തുത പഠനത്തിന് തയ്യാറാണോ; എങ്കിൽ വ്യക്തികളേയും സ്വകാര്യ സ്ഥാപനങ്ങളേയും പ്രസ്തുത പഠനത്തിന് അനുവദിക്കേണ്ടതുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല

(ഡി) ബാധകമല്ല

(ഇ) ട്രോളിംഗ് നിരോധനം സംബന്ധിച്ച പഠനം നടത്താൻ ഡോ. എൻ. ബാലകൃഷ്ണൻനായർ ചെയർമാനായി ഒരു കമ്മിറ്റിയെ സംസ്ഥാന സർക്കാർ നിയോഗിച്ചിരിക്കുകയാണ്.

26 (*579) വ്യവസായശാലകളിൽനിന്നുള്ള പാഴ്ജലം മത്സ്യസമ്പത്തിന് ഭീഷണി

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly